മിസ്റ്റർ സ്പീക്കർ : ഇവിടെ കേട്ട നിലക്ക് അസാധാരണ കൊലപാതകമാണ്.

ശ്രീ. എ. സി. ജോസ് : പോലീസ് നായയുടെ അഭിപ്രായം എന്താണെന്നു പറയണം.

ശ്രീ. വയലാർ രവി : ബഹുമാനപ്പെട്ട മെമ്പർതന്നെ ഉത്തരവും പറഞ്ഞു കഴിഞ്ഞു.

ശ്രീ. വി. ജെ. തങ്കപ്പൻ : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൊലപാതകമാണെന്ന് വ്യക്തമായി പോലീസിന് ബോദ്ധ്യം വന്നിട്ടും പ്രതികളെ കണ്ടുപിടിക്കാനോ ആരാണ് ഈ കൊല നടത്തിയതെന്ന് കണ്ടുപിടിക്കാനോ കഴിയാത്ത കേസുകളുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള കേസുകൾ എത്രയുണ്ടെന്ന് പറയാമോ?

ശ്രീ. വയലാർ രവി : ഗവൺമെന്റിന്റെ പക്കൽ ഇപ്പോൾ അതുപോലുള്ള 39 കേസുകളുണ്ട്.

ശ്രീ. എൻ. ചന്ദ്രശേഖര കുറുപ്പ് : കോഴിക്കോട് കസബാ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ മാത്രം കഴിഞ്ഞ നാലുകൊല്ലം കൊണ്ട് നാല് കൊലക്കേസുകൾ നടന്നു. എന്നാൽ ഒരൊറ്റ കേസും ഭക്തവത്സലൻ കേസുൾപ്പെടെ ഇതുവരെ തെളിയിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനെസംബന്ധിച്ച് ഗവൺമെന്റിന്റെ അഭിപ്രായം എന്താണ്?

ശ്രീ. വയലാർ രവി : ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച നാലു കേസുകളിലും പലവട്ടം ഉന്നതലത്തിൽ ചർച്ച നടത്തുകയും പലതരത്തിലുള്ള അന്വേഷണം നടത്തികൊണ്ടിരിക്കുകയുമാണ്. പലതരത്തിലുള്ള സംശയങ്ങൾ ഉള്ളതുകൊണ്ടും പല ആളുകളേയും സംശയം ഉള്ളതുകൊണ്ടും ആളുകളെ കണ്ടുപിടിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

കിഴങ്ങുവർഗ്ഗങ്ങൾക്ക് തറവില

*114. [156] ഡോക്ടർ എ. സുബ്ബറാവു :

ശ്രീ. വി. കെ. രാജൻ :

„ കെ. വി. സുരേന്ദ്രനാഥ് :

„ കെ. ടി. കണാരൻ:

„ കെ. ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴങ്ങു വർഗ്ഗങ്ങൾക്ക് തറവില നിശ്ചയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ തറവില നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) മരിച്ചീനിക്ക് 1979-ലും 1981-ലും തറവില നിശ്ചയിച്ചിട്ടുണ്ട്. മറ്റ് കിഴങ്ങു വർഗ്ഗങ്ങൾക്ക് തറവില നിശ്ചയിക്കേണ്ടി വന്നിട്ടില്ല.

(ബി) കിഴങ്ങുവർഗ്ഗങ്ങൾക്ക് തറവില നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഡോക്ടർ എ. സുബ്ബറാവു : ഇന്ന് കേരളത്തിലെ പാവപ്പെട്ട ചെറുകിട കർഷകരുടെ പ്രധാന കാർഷികവിള കപ്പയാണ്. അതിന് തറവില നിശ്ചയിച്ചിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഈയിടെ കപ്പയുടെ വില കുത്തനെ ഇടിഞ്ഞതു കൊണ്ട് അവരുടെ സാമ്പത്തികസ്ഥിതി ശോചനീയമാണ്. ഇത് കണക്കിലെടുത്ത് പാവപ്പെട്ട കർഷകരെ രക്ഷിക്കാൻ കപ്പക്ക് ആദായകരമായ താങ്ങുവില നിശ്ചയിക്കാൻ ഈ ഗവൺമെന്റ് നടപടി എടുക്കുമോ?

ശ്രീ. എ. എൽ. ജേക്കബ് : കപ്പയുടെ വില കിന്റലിന് ശരാശരി 80.41 രൂപയാണ്. ഈ വില കൃഷിചെലവുമായി കണക്കാക്കുമ്പോൾ ആശ്വാസകരമാണ്. ആയതിനാൽ ഇപ്പോൾ തറവില നിശ്ചയിക്കേണ്ട ആവശ്യമില്ല. 1985-ലെ ഏറ്റവും കുറഞ്ഞ ശരാശരി മൊത്തവില കിന്റലിന് 58.51 രൂപയായിരുന്നു. മേയ്മാസത്തിൽ അത് ഏർപ്പെടുത്തിയിട്ടുണ്ട്.

ഡോക്ടർ എ. സുബ്ബറാവു : ഇപ്പോൾ ഇവിടെ ഉല്പാദിപ്പിക്കുന്ന കപ്പയുടെ ഭൂരിഭാഗവും തമിഴ്നാട്ടിലേക്കാണ് കടത്തിക്കൊണ്ടുപോകുന്നത്. അതുകൊണ്ട് തമിഴ്നാട്ടിലുള്ള സംസ്കരണ മുതലാളിമാരാണ് ഇവിടെ കപ്പക്ക് വില നിശ്ചയിക്കുന്നത്. ഇത് കണക്കിലെടുത്ത് ഇവിടെ ഉല്പാദിപ്പിക്കുന്ന കപ്പയുടെ സംസ്കരണത്തിനുവേണ്ടിയുള്ള പ്രോസസ്സിംഗ് യൂണിറ്റ് കേരളത്തിൽത്തന്നെ തുടങ്ങാൻ ഈ ഗവൺമെന്റ് എന്തെങ്കിലും നടപടി എടുക്കുമോ?

ശ്രീ. എ. എൽ. ജേക്കബ് : ഇവിടെനിന്ന് തമിഴ്നാട്ടിലേക്ക് കപ്പ ഇപ്പോൾ പോകുന്നില്ല. തമിഴ്നാട്ടിൽത്തന്നെ ഇപ്പോൾ കപ്പ കൂടുതലായി കൃഷിചെയ്യുന്നുണ്ട്. വേണമെങ്കിൽ അവർ അവിടെനിന്ന് നമുക്ക് അയ്യക്കും.

ശ്രീ. കെ. ടി. കണാരൻ : കേരളത്തിലെ നിരവധി ചെറുകിടക്കാരായ കപ്പക്കൃഷിക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൽ. ജേക്കബ് : തൽക്കാലം ഒന്നും പറയാൻ സാദ്ധ്യമല്ല.

ഡോക്ടർ കെ. സി. ജോസഫ് : തിരുവല്ലായിലുള്ള മന്നം ഷുഗർ മില്ലിൽ മരച്ചീനി ഉപയോഗിച്ചുകൊണ്ട് സ്പിരിട്ട് ഉണ്ടാക്കാനുള്ള ഒരു ഫാക്ടറിയെക്കുറിച്ചുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. അത് ഏറ്റവും വേഗം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചാൽ മരച്ചീനി കൃഷിക്കാർക്ക് കൂടുതൽ വിലലഭിക്കുമെന്നുള്ളതുകൊണ്ട് ഏറ്റവും വേഗം ഇംപ്ലിമെന്റ് ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ. എൽ. ജേക്കബ് : അതിനെപ്പറ്റി ആലോചിക്കാം.

(ചോദ്യോത്തര സമയം കഴിഞ്ഞു)

II. അടിയന്തിരപ്രമേയം

മുനമ്പം അഴിമുഖത്തെ അപകടം

മിസ്റ്റർ സ്പീക്കർ: മരണക്കെണിയായി മാറിയിട്ടുള്ള മുനമ്പം അഴിമുഖത്തെ മണൽത്തിട്ടയിൽ തിങ്കളാഴ്ചരാത്രി വള്ളം ഇടിച്ചു തകരുകയും മൂന്നുപേർ മരിക്കുകയും ചെയ്തതിനെത്തുടർന്ന് നിലവിലിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെപ്പറ്റി ചർച്ചചെയ്യാൻ ഇന്നത്തെ സഭാനടപടികൾ നിറുത്തിവയ്ക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ എ. വി. താമരാക്ഷൻ, ടി. കെ. അബ്ദു, വി. കെ. രാജൻ, എ. കെ. ശശീന്ദ്രൻ, കെ. കൃഷ്ണൻകുട്ടി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. 9.30 A.M.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, തിങ്കളാഴ്ച രാത്രി മീൻപിടിക്കുവാൻ പോയ 14 മത്സ്യത്തൊഴിലാളികൾ സഞ്ചരിച്ചിരുന്ന ബോട്ട് മുങ്ങി മൂന്നുപേർ മരണപ്പെട്ടിരിക്കുകയാണ്. 11 പേർ രക്ഷപ്പെട്ടു. മരണപ്പെട്ട മൂന്നുപേരുടേയും ശവശരീരം കണ്ടുകിട്ടിയിട്ടുണ്ട്. 'സർ, നമ്മുടെ കടലോരങ്ങളിലെ ചില സ്ഥലങ്ങളിൽ ഈ തരത്തിലുള്ള മണൽത്തിട്ടകൾ തടസ്സം സൃഷ്ടിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ സ്ഥലത്തുതന്നെ ഒരു ഫിഷിംഗ് ഹാർബറിനുവേണ്ട പ്രോജക്ട് തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. ഇതു വളരെ ഗൗരവമായ ഒരു കാര്യംതന്നെയാണ്. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുണ്ടാക്കുന്ന പല പോക്കറ്റ്സുകളും ഇതു പോലെ കേരളത്തിന്റെ പല ഭാഗത്തും ഉണ്ട്. ഇതിനെല്ലാം ഒരുമിച്ച് പരിഹാരം കാണാൻ സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. ഏതായാലും ഓരോന്നിലായി പ്രോജക്ടുകൾ തയ്യാറാക്കാം. മുനമ്പത്തെ സംബന്ധിച്ചിടത്തോളം പ്രോജക്ട് അംഗീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly